(ഡി) ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ സർക്കാർ സാമ്പത്തിക സഹായത്തോടുകൂടി വളരെ വിജയകരമായിതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം

8 (*578) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം ആരംഭിച്ചതെന്നുമുതലാണ് ; ആദ്യഘട്ടത്തിൽ തന്നെ ഈ പദ്ധതി പരാജയമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷം തേങ്ങയുടെ തറവിലയായി നിശ്ചയിച്ചത് എത്ര രൂപയായാണ് ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 1-1-2013 മുതലാണ് സംസ്ഥാനത്ത് കൃഷിഭവനുകൾവഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട്, കർഷകരിൽനിന്നും നേരിട്ട് പച്ച നാളികേരം സംഭരണം നടത്തുന്നത്, കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്. ഈ പദ്ധതി പരാജയമായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച് ഇത് വലിയ വിജയമാണെന്നാണ് കണ്ടിട്ടുള്ളത്.

(ബി) 24-4-2015 സ.ഉ.(എംഎസ്.) നമ്പർ 70/2015/കൃഷി പ്രകാരം മേയ് മാസം ഒന്നാം തീയതി മുതൽ പച്ചത്തേങ്ങ സംഭരണ വില കിലോഗ്രാമിന് 28 രൂപയായി ഉയർത്തുന്നതിന് കേരഫെഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഒരു കിലോ പച്ച നാളികേരത്തിന് 25 രൂപ നൽകിയാണ് കേരഫെഡ് ഇപ്പോൾ സംഭരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽനിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുക്കുകയും സംസ്കരിച്ച് കൊപ്രയാക്കി മാറ്റുകയും ചെയ്യുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില ചെക്ക് മുഖേന കൃഷിഭവനുകളിൽനിന്ന് കർഷകർക്ക് ലഭിക്കുന്നു. പദ്ധതി നടത്തിപ്പിനായി കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 2100 ലക്ഷം രൂപ 2012-13-ൽ കേരഫെഡിന് നൽകിയിരുന്നു. കൂടാതെ 2014-15-ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി മാറ്റിയതിനുള്ള ഇൻസെന്റീവ് ഇനത്തിൽ 100.00 ലക്ഷം രൂപയും കേരഫെഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 362 കൃഷിഭവനുകൾ വഴി 55100 ടൺ പച്ചനാളികേരം ഇതിനകം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

ഡയറി പ്ലാൻ

9 (*579) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡയറി പ്ലാൻ നടപ്പാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം, വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്നിവ മിൽമ മേഖല യൂണിയനുകൾവഴി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിന് വേണ്ടി ഡെയറി പ്ലാൻ, ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly